>> ഖുത്വ്ബ

ശൈഖ് യൂസുഫുൽ ഖറദാവി

ഒരു പുതിയ പംക്തി ആരംഭിക്കുന്നു. പ്രമുഖ മസ്ജിദുകളിൽ നടക്കുന്ന ജുമുഅ ഖുത്വ്ബകളുടെ സംഗ്രഹം തുടർന്നുള്ള ലക്കങ്ങളിൽ പ്രതീക്ഷിക്കുക

# അല്ലാഹു ശ്രേഷ്ഠനായ അന്നദാതാവ്

**സൃഷ്ടികൾക്ക്** ഏറ്റവും ശ്രേഷ്ഠനായ അന്നദാതാവ് സ്രഷ്ടാവായ അല്ലാഹു മാത്രമാണ്. ഭൂലോകത്തെ സർവ ചരാചരങ്ങൾക്കും അവന്റെ അക്ഷയഖനിയിൽ നിന്ന് അന്നം ലഭിച്ചുകൊണ്ടേയിരിക്കുന്നു. മനുഷ്യനെന്നോ മൃഗമെന്നോ വ്യത്യാസമില്ലാതെയാണ് അവനത് നൽകുന്നത്. മക്കയിൽ വെച്ച് ഇബ്റാഹീം നബി "നാഥാ, നിന്നെ അനുസരിക്കുന്ന അടിയാറുകൾക്ക് നീ വേണ്ടത്ര വിഭവങ്ങൾ നൽകേണമേ" എന്ന് പ്രാർഥിച്ചപ്പോൾ നിഷേധികൾക്കും അന്നം നൽകുമെന്ന് അല്ലാഹു തിരുത്തിപ്പറഞ്ഞത് സർവരും അവന്റെ അനുഗ്രഹത്തിന് പാത്രീഭൂതരാണ് എന്ന് വ്യക്തമാക്കുന്നതിനാണ്. അല്ലാഹുവിന്റെ നിരവധി വിശേഷണങ്ങളിൽ ഒന്നാണല്ലോ അന്നദാതാവ് എന്നത്. മനുഷ്യരെപോലെ പക്ഷി മൃഗാദികളും  അവന്റെ ഈ അനുഗ്രങ്ങൾ ലഭിക്കുന്നവർ തന്നെയാണ്. എന്നാൽ മനുഷ്യരൊഴികെ മറ്റെല്ലാ ജീവികളും അവന് യഥാവിധി നന്ദി പ്രകടിപ്പിക്കുന്നവരാണെന്നതും അനിഷേധ്യമായ വസ്തുതയാണ്. നന്ദികേട് കാണിക്കുന്നത് ബുദ്ധിയും വിവേകവുമുള്ള മനുഷ്യരാണെന്നത് അത്ഭുതകരംതന്നെ.

മാതാവിന്റെ ഗർഭപാത്രത്തിൽ വെച്ച് തന്നെ അല്ലാഹു ഗർഭസ്ഥ ശിശുവിന് ഭക്ഷണം നൽകി തുടങ്ങുന്നു. പ്രസവത്തിന് ശേഷം എല്ലാവിധ പ്രോട്ടീനുകളും ഉൾകൊള്ളുന്ന മുലപ്പാലാണ് കുട്ടിക്ക് ലഭിക്കുന്നത്. ശൈത്യകാലത്ത് ചൂടുള്ളതും ഉഷ്ണ കാലത്ത് തണുപ്പേകുന്നതുമായ മുലപ്പാൽ ഇന്നും ശാസ്ത്ര ലോകത്തിന് അത്ഭുതമാണ്. അല്ലാഹു സൃഷ്ടികൾക്ക് നൽകിയ ഏറ്റവും വലിയ അനുഗ്രഹങ്ങളിൽ സുപ്രധാനമാണ്, അവക്കുള്ള ജീവിത വിഭവങ്ങൾ ഒരുക്കി വെച്ചിരിക്കുന്നു എന്നത്. എന്നാൽ ഈ അനുഗ്രഹങ്ങൾ എല്ലാവർക്കും ഒരു പോലെയല്ല നൽകിയത്. അവരവർക്ക് ലഭിച്ച അനുഗ്രഹങ്ങളെ സംബന്ധിച്ച് ഓരോരുത്തനും ബോധവാനാകണം. അതിനവർ സ്രഷ്ടാവിനോട് നന്ദി പ്രകാശിപ്പിക്കുകയും വേണം. ഭൂമിയിൽ മനുഷ്യർക്കും മറ്റു ജന്തുജാതികൾക്കും പൊതുവായി നൽകിയ അനുഗ്രഹങ്ങളും മനുഷ്യർക്ക് പ്രത്യേകമായി നൽകിയ അനുഗ്രഹങ്ങളുമുണ്ട്. ഇതിൽ ഇരു കൂട്ടർക്കും ഒരു പോലെ നൽകിയ അനുഗ്രഹമാണ് ജീവിതം നിലനിർത്താനുള്ള ഭക്ഷണം, വായു, വെളിച്ചം തുടങ്ങിയവ. എന്നാൽ മനുഷ്യ വർഗത്തിന് മാത്രം അനുഗ്രഹമായി നൽകിയതാണ് വിവേകവും വിശേഷ ബുദ്ധിയും. അതിനെ യഥാവിധി പ്രയോജനപ്പെടുത്താൻ മനുഷ്യൻ ബാധ്യസ്ഥനാണ്. തനിക്ക് ലഭിച്ചിരിക്കുന്ന വിവേകം കൊണ്ട് നല്ലതിനെ തിരിച്ചറിയാനും തിയ്യതിനെ തള്ളിക്കളയാനും അവന് സാധിക്കണം. മൃഗങ്ങളിൽ നിന്ന് അവനെ വേർതിരിക്കുന്ന സുപ്രധാന ഘടകവും ഇത് തന്നെ.

തനിക്ക് ജീവൻ നൽകിയ, ജീവിക്കാൻ വേണ്ട വിഭവങ്ങൾ  കനിഞ്ഞു നൽകിക്കൊണ്ടിരിക്കുന്ന സ്രഷ്ടാവിനെ നന്ദിയോടെ ഓർക്കുകയും അവന് സ്തുതി പറയുകയാണ് ആദ്യം വേണ്ടത്.  എന്നാൽ പലപ്പോഴും അധമനായ മനുഷ്യൻ തനിക്ക് ലഭിച്ചുകൊണ്ടിരിക്കുന്ന സുഖ സൗകര്യങ്ങളെല്ലാം തന്റെ പരിശ്രമ ഫലമായി ലഭിച്ചതാണെന്ന് അഹങ്കരിക്കുന്നു. സ്രഷ്ടാവിനെ തന്നെ വിസ്മരിക്കുന്നു. ഇത് മനുഷ്യന്റെ നന്ദിയില്ലായ്മയെയും അഹങ്കാരത്തെയുമാണ് സൂചിപ്പിക്കുന്നത്. എന്നാൽ എത്ര തന്നെ നന്ദികേട് കാണിച്ചാലും ദയാപരനും കരുണാവാരിധിയുമായ അല്ലാഹു ഒരു പരിധി

വരെ അനുഗ്രഹങ്ങൾ ചൊരിഞ്ഞ് കൊണ്ടേയിരിക്കും. അന്നം തേടികൊണ്ടിരിക്കാനാണ് അല്ലാഹു മനുഷ്യനോട് കൽപിച്ചിരിക്കുന്നത്. “നമസ്ക്കാരം നിർവഹിച്ചു കഴിഞ്ഞാൽ നിങ്ങൾ ഭൂമിയിൽ വ്യാപിക്കുകയും അല്ലാഹുവിന്റെ അനുഗ്രഹങ്ങൾ തേടുകയും ചെയ്യുക” (*അൽജുമുഅ* 10). തങ്ങൾ അല്ലാഹുവിൽ ഭരമേൽപിച്ചവരാണെന്ന് പറഞ്ഞ് നമസ്ക്കാരത്തിന് ശേഷവും പള്ളിയിൽ ചടഞ്ഞ് കൂടിയവരെ പള്ളിയിൽ നിന്ന് പുറത്താക്കി തൊഴിലെടുത്ത് അന്നം നേടാൻ കൽപിച്ച ഖലീഫ ഉമറിന്റെ നടപടി ഏറെ ശ്രദ്ധേയമാണ്. വാനലോകത്ത് നിന്ന് സ്വർണ മഴ വർഷിക്കുമെന്ന് വിചാരിച്ച് അന്നം തേടാതെ ഇരിക്കുന്നത് മൗഢ്യമാണ്. അന്നപാനീയങ്ങൾ നൽകുന്ന അല്ലാഹുവിനെ സ്തുതിക്കാനും അവന് നന്ദി രേഖപ്പെടുത്താനും വിശ്വാസികൾ തയാറാകണം.

ഇവിടെ പരാമർശിക്കാൻ ആഗ്രഹിക്കുന്ന മറ്റൊരു വിഷയം, കഴിഞ്ഞ ഏതാനും ദിവസങ്ങളായി യൂറോപ്പിൽ വ്യാപിച്ചുകൊണ്ടിരിക്കുന്ന അഗ്നിപർവതചാരം വരുത്തി വെച്ച വിനയെ സംബന്ധിച്ചാണ്. മനുഷ്യനെ ഏറെ ചിന്തിപ്പിക്കേണ്ടതും തന്റെ നിസ്സഹായതയെ തിരിച്ചറിയേണ്ടതുമായ ഒരു സന്ദർഭമാണിത്. ഐസ്‌ലാന്റിൽ പൊട്ടിയ അഗ്നിപർവതത്തിൽ നിന്നുള്ള ചാരം യൂറോപ്പിൽ ആയിരക്കണക്കിന് വിമാന സർവീസുകളെയാണ് ബാധിച്ചിരിക്കുന്നത്. യൂറോപ്യൻ രാജ്യങ്ങളിലേക്കുള്ള പതിനായിരക്കണക്കിന് യാത്രക്കാരാണ് വിവിധ പ്രദേശങ്ങളിൽ കുടുങ്ങി കിടക്കുന്നത്. ബില്ല്യൻ കണക്കിന് ഡോളറുകളുടെ നഷ്ടമാണ് വിമാനക്കമ്പനികൾക്ക് ഉണ്ടായിരിക്കുന്നത്. അല്ലാഹുവിന്റെ പരീക്ഷണങ്ങളെ അതിജീവിക്കാൻ കഴിയുമെന്ന മനുഷ്യന്റെ ധാർഷ്ഠ്യത്തിനേറ്റ കനത്ത തിരിച്ചടിയാണിത്. അല്ലാഹു ഒരുകാര്യം തീരുമാനിച്ചാൽ ഉണ്ടാവുക എന്ന് മാത്രം കൽപ്പിച്ചാൽ മതി, പിന്നെ ഒട്ടും താമസിയാതെ അത് സംഭവിക്കുമെന്ന് അവൻ തന്നെ വ്യക്തമാക്കിയത് അക്ഷരം പ്രതി പുലർന്നുകൊണ്ടിരിക്കുന്നു. ഇത്തരം പരീക്ഷണങ്ങളെ സംബന്ധിച്ച് വിശ്വാസികൾക്ക് വ്യക്തമായ ധാരണ ഉണ്ടാവേണ്ടതുണ്ട്. ശാസ്ത്രത്തിന്റെ വളർച്ച അംഗീകരിക്കുമ്പോഴും ഇത്തരം ദൈവിക പരീക്ഷണങ്ങളെ അതിജയിക്കാൻ മനുഷ്യ കരങ്ങൾ അശക്തമാണെന്ന വസ്തുത കൂടി തിരിച്ചറിയണം. സ്രഷ്ടാവിനെ ധിക്കരിച്ചും അഹങ്കരിച്ചും ജീവിച്ച് കൊണ്ടിരിക്കുന്ന മനുഷ്യർക്ക് ഇത്തരം പരീക്ഷണങ്ങൾ പാഠമാകുമെന്ന് നമുക്ക് പ്രത്യാശിക്കാം.

(ദോഹയിലെ ഉമർ ഖത്വാബ് മസ്ജിദിൽ നടത്തിയ ഖുതുബയുടെ സംഗ്രഹം)

തയാറാക്കിയത്: **റഹീം ഓമശ്ശേരി**